# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

## ചട്ടം 300 അനുസരിച്ച് കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ 2017 ആഗസ്റ്റ് 17 ന് സഭയിൽ നടത്തിയ പ്രസ്താവന

1. 2017 ചിങ്ങം 1 മുതൽ 2018 ചിങ്ങം 1 വരെയുള്ള ഒരു വർഷം നാളീകേര വർഷമായി ആചരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രധാന പ്രവർത്തനങ്ങളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്.

- തെങ്ങ് കൃഷി വ്യാപനത്തിനായി എല്ലാ ജില്ലകളിലും കേരഗ്രാമം എന്ന സമഗ്ര നാളീകേര വികസന പദ്ധതി ഘട്ടംഘട്ടമായി വ്യാപിപ്പിക്കും.
- ഉത്പാദനക്ഷമത കൂടിയതും ഉയരം കുറഞ്ഞതുമായ ഇനങ്ങൾ കൃഷി ചെയ്യുന്നതിന് ധനസഹായം, ഇത്തരം ഇനങ്ങളുടെ പ്രദർശനതോട്ടം സ്ഥാപിക്കുന്നതിനും ഏറ്റവും ഗുണമേന്മയുള്ള തെങ്ങിൻതൈകൾ ലഭ്യമാക്കുന്നതിന് ആവശ്യമായ നഴ്സറികൾ സ്ഥാപിക്കും.
- ചെറുകിട മേഖലയിൽ നാളീകേര മൂല്യ വർദ്ധിത യൂണിറ്റുകൾ സ്ഥാപിക്കുകയും നിലവിലുള്ളവയെ ശക്തിപ്പെടുത്തുകയും ചെയ്യും.
- നാളീകേര വികസന ബോർഡുമായി ചേർന്ന് നീരയുടേയും മറ്റ് മൂല്യവർദ്ധന ഉത്പന്നങ്ങളുടേയും കൂടുതൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്.
- പച്ചത്തേങ്ങ സംഭരണം തുടരും.
- KAU മായി ചേർന്ന് കീടരോഗബാധ നിയന്ത്രണത്തിനായി ഗവേഷണം ഊർജ്ജിതപ്പെടുത്തും.
- നാളീകേര വികസനത്തിനായി പ്രത്യേകം തെരഞ്ഞെടുത്തിരിക്കുന്ന പ്രദേശങ്ങളിൽ (പ്രത്യേക കാർഷിക മേഖല) വിത്ത് മുതൽ സംസ്കരണ വിതരണം വരെ നടപ്പിലാക്കും.
- ഒരു കൃഷിഭവന്റെ പരിധിയിൽ കേരോത്പന്ന സംസ്കരണ യൂണിറ്റ് പദ്ധതി നടപ്പിലാക്കും.
- കണികജലസേചനം ഉൾപ്പെടെയുള്ള ജലസേചന പദ്ധതികൾ വ്യാപിപ്പിക്കും.

- കോക്കനട്ട് ഫാം സ്കൂൾ ബ്ലോക്ക് അടിസ്ഥാനത്തിൽ ആത്മയുടെ നേതൃത്വത്തിൽ നടപ്പിലാക്കും.
- നാളികേരവും വെളിച്ചെണ്ണ ഉൾപ്പെടെയുള്ള കേരോത്പന്നങ്ങളും ആരോഗ്യത്തിന് ഗുണകരമാണെന്നത് സംബന്ധിച്ച് വ്യാപകമായ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കും.

2. കൃഷിവകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിവിധ കാർഷിക വികസന കർഷക ക്ഷേമ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ എന്ന് മനസ്സിലാക്കുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനുമായി കൃഷിവകുപ്പിൽ സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കുന്നതാണ്. പദ്ധതി നിർവ്വഹണത്തിന്റെ സുതാര്യത ഉറപ്പാക്കുന്നതിനും കർഷകരും കൃഷിവകുപ്പ് ഉദ്യോഗസ്ഥരും തമ്മിലുള്ള ഉറച്ച ബന്ധം സ്ഥാപിക്കുന്നതിനും ഇതിലൂടെ സാധ്യമാകുന്നു.

3. കൃഷിഭവനുകൾ സ്ഥാപിച്ചതിന്റെ 30-ാം വാർഷികത്തിന്റെ ഭാഗമായി സംസ്ഥാനത്തിലെ എല്ലാ കൃഷിഭവനുകളിലും അഗ്രോ ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതോടൊപ്പം ഘട്ടംഘട്ടമായി എല്ലാ കൃഷിഭവനുകളിലും കർഷകർക്കാവശ്യമായ എല്ലാ സേവനങ്ങളും ലഭ്യമാക്കുന്നതിനുള്ള ഒരു കേന്ദ്രമായി വികസിപ്പിക്കും.

4. എല്ലാ കൃഷിഭവനുകളിലും കാർഷിക കർമ്മസേനകൾ ആരംഭിക്കുന്നതാണ്. ചുരുങ്ങിയത് 15 അംഗങ്ങൾ അടങ്ങുന്ന ഓരോ സേനയും കൃഷിയിടത്തിൽ കർഷകർക്കാവശ്യമായ എല്ലാ കൃഷിപ്പണികളും യന്ത്രസഹായത്തോടെ ചെയ്തുകൊടുക്കുന്നതിനും കീട-രോഗബാധകൾ നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുന്നതിന് പരിശീലനം ലഭിച്ചവരായിരിക്കും. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലായിരിക്കും കർമ്മസേനകൾ പ്രവർത്തിക്കുക.

5. കൃഷിവകുപ്പിന്റെ ആധീനതയിലുള്ള ഫാമുകൾ മാതൃകാ കൃഷിത്തോട്ടങ്ങളാക്കി പ്രദേശവാസികളായ കർഷകരുടെ പഠനസ്കൂൾ ആയി മാറ്റുന്നതാണ്.

6. ചെറുധാന്യങ്ങളായ മില്ലറ്റ്, ചോളം, ബജ്റ, റാഗി മുതലായവയുടെ കൃഷി സംരക്ഷിക്കുന്നതിനും ഇവയുടെ വ്യാപനത്തിനുമായി പ്രത്യേക പദ്ധതി ആവിഷ്കരിക്കും. അട്ടപ്പാടി മേഖലയിൽ പട്ടികവർഗ്ഗക്കാർക്കിടയിൽ ചെറുധാന്യങ്ങളുടെ കൃഷി വ്യാപകമാണ്. ഈ പ്രദേശത്തെ കേന്ദ്രീകരിച്ചുകൊണ്ട് 'അട്ടപ്പാടി മില്ലറ്റ് വില്ലേജ്' എന്ന പേരിൽ ചെറുധാന്യങ്ങളുടെ പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണവും കൃഷിവ്യാപനവും നടപ്പിലാക്കുന്നതാണ്.

7. കാർഷികോത്പന്നങ്ങൾ വ്യാപാരം ചെയ്യുന്നതിലൂടെ ലഭിക്കുന്ന വരുമാനമോ ലാഭമോ പങ്കിടുന്നതിന് കർഷകർക്ക് നിയമപരമായ അവകാശം ഉറപ്പുനൽകുന്ന '**അവകാശലാഭം**' എന്ന ആശയം കൊണ്ടു വരുന്നതിനുള്ള നടപടികൾ ആരംഭിക്കും.

8. കേരളത്തിൽ കൃഷി ചെയ്തുവരുന്ന നെല്ലുപോലുള്ള പ്രധാന വിളകളുടെ പരമ്പരാഗത നാടൻ ഇനങ്ങൾ ഇന്ന് ഏറെക്കുറെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഇതിന് പരിഹാരം എന്നോണം ഇത്തരം വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യുന്നവർക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്നതിന് പദ്ധതി നടപ്പിലാക്കുന്നതാണ്. കൂടാതെ പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണത്തിനായി കേരള കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക സഹായത്തോടെ '**സീഡ് ബാങ്ക്**' സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കും.

9. പച്ചക്കറി കൃഷിയുടെ സമഗ്ര വികസനത്തിനും സംസ്ഥാനത്തെ പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തമാക്കുന്നതിനുമായി കൃഷിവകുപ്പ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (VFPCK), ഹോർട്ടികോർപ്പ്, പൊതുമേഖലാ സ്ഥാപനങ്ങൾ, കേരള കാർഷിക സർവ്വകലാശാല, മറ്റ് ഏജൻസികൾ എന്നിവയുടെ ഏകോപനം സാദ്ധ്യമാക്കുന്നതിനായി '**സംസ്ഥാന വെജിറ്റബിൾ ബോർഡ്**' അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ ചെയർമാനായി രൂപീകരിക്കും. സംസ്ഥാന കൃഷിവകുപ്പിന്റെ കീഴിലുള്ള കൃഷിത്തോട്ടങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് എല്ലാ വർഷവും കുറഞ്ഞത് 1000 ഹെക്ടർ സ്ഥലത്ത്

തുടർ പദ്ധതിയായി വാണിജ്യ പച്ചക്കറി കൃഷി നടപ്പിലാക്കും. VFPCK യുടെയും, കൃഷിവകുപ്പിന്റെയും കീഴിലുള്ള ക്ലസ്റ്ററുകളിലെ കൃഷിക്കാർ, കുടുംബശ്രീയിലെ അംഗങ്ങൾ തുടങ്ങിയവരെ കൂടി ഈ പദ്ധതിയിൽ പങ്കെടുപ്പിക്കും.

10. ആധുനിക വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി ഉപയോഗിച്ച് കൃഷിക്കും കർഷകർക്കും നേട്ടമുണ്ടാക്കുന്നതിനായി കർഷകരുടെ ഉത്പന്നങ്ങൾ, കൃഷിവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങൾ, ആധുനിക കാർഷിക യന്ത്രോപകരണങ്ങൾ എന്നിവ വിറ്റഴിക്കുവാനും, ലഭ്യമാക്കുവാനും കഴിയുന്നതും മണ്ണിന്റെ സൂക്ഷ്മ ഘടനയിലെ വിശദാംശങ്ങൾ മുതൽ കാർഷിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാ ശാസ്ത്രീയ വിവരങ്ങളും വിരൽതുമ്പിൽ ലഭ്യമാക്കുന്ന സമഗ്രമായ ഒരു പോർട്ടൽ ഈ വർഷം ആരംഭിക്കുന്നതാണ്.

11. സംസ്ഥാന വിലനിർണ്ണയ ബോർഡ്, WTO സെല്ല് എന്നിവയുടെ പ്രവർത്തനം ശാക്തീകരിക്കുന്നതാണ്.

12. കൃഷിവകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ് എന്നിവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പ്രസ്തുത വകുപ്പുകളുടെ പുനഃസംഘടന നടപ്പിലാക്കുന്നതാണ്.

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്,**
**തിരുവനന്തപുരം,**
**2017 ആഗസ്റ്റ് 17.**

**വി.കെ.ബാബുപ്രകാശ്,**
**സെക്രട്ടറി.**